**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാ വർക്കർമാർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാറില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും കൃത്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | 01.04.2021 തീയതി മുതൽ ആശാ വർക്കർമാരുടെ ഹോണറേറിയം 5000 രൂപയിൽ നിന്ന് 6000 രൂപ ആയി 13.05.2021 തീയതിയിലെ സ.ഉ.(സാധാ) നം. 1076/2021/ആരോഗ്യം പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശാ വർക്കർമാർക്ക് ജൂലൈ, ഓഗസ്റ്റ് മാസത്തെ ഹോണറേറിയം അനുവദിച്ച് 05.08.2022 തീയതിയിലെ സ.ഉ (സാ) നം. 1940/2022/ആരോഗ്യം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അടുത്ത ഗഡുവിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക്, കാലതാമസം വരുത്താതെ തന്നെ ആശാ പ്രവർത്തകർക്ക് ഹോണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ പ്രസ്തുത തുക ആശ പ്രവർത്തകരുടെ കൈയ്യിൽ എത്തുവാനായി വിവിധ പ്രോസസ്സുകളിലൂടെ കടന്നു പോകേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. ആയത് പരിഹരിക്കുന്നതിനായി ആശാ പ്രവർത്തകർക്ക് ഒരു മാസത്തെ ഹോണറേറിയം മുൻകൂറായി അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | കോവിഡ് കാലഘട്ടത്തിൽ അലവൻസായി | (സി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് |

| | | | |
|---|---|---|---|
| | നൽകിയിരുന്ന 1000 രൂപ തുടർന്നും നൽകുന്ന കാര്യം പരിഗണിക്കുമോ? | | ആശമാർക്ക് അഡീഷണൽ ഇൻസെന്റീവായി പ്രതിമാസം 1000 രൂപ നൽകിയിരുന്നത്. ഈ തുക കേന്ദ്ര സർക്കാർ നൽകിയ കോവിഡ് ഫണ്ടിൽ നിന്നാണ് നൽകിയിരുന്നത്. ഏപ്രിൽ മാസം മുതൽ ഇത് നൽകാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ